# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 11, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണവും നിർവ്വഹണവും

*121 ശ്രീ. എസ്. രാജേന്ദ്രൻ
,, കോടിയേരി ബാലകൃഷ്ണൻ
,, എസ്. ശർമ്മ
,, ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2012-13 വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ വർഷം മുതൽ സാങ്കേതിക ഉപദേശക ഗ്രൂപ്പുകളെ പിരിച്ചുവിട്ടതുമൂലം പദ്ധതി രൂപീകരണത്തിനും അംഗീകാരത്തിനും ഉണ്ടായിട്ടുള്ള തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്ന സമയക്രമം പിന്നിട്ടിട്ടും പദ്ധതി രൂപീകരണം എങ്ങുമെത്താതിരുന്നത് പദ്ധതി നിർവ്വഹണത്തെ ഏതു തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

വിഷൻ 2020 പദ്ധതിയുടെ – വിലയിരുത്തൽ

*122 ശ്രീ. ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്
,, പാലോട് രവി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഷൻ 2020 പദ്ധതിയുടെ പുരോഗതി പ്ലാനിംഗ് ബോർഡ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) വിലയിരുത്തലുകളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ;

(ഡി) ഇതിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

ഗ്രാമവികസന വകുപ്പ് നടപ്പാക്കുന്ന ഭവന പദ്ധതികൾ

*123 ശ്രീ. ജെയിംസ് മാത്യു
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് മുഖാന്തിരം സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ ഭവന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) 2012-'13 ൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിലൂടെ എന്ത് ഭൗതിക നേട്ടം ഉദ്ദേശിക്കുന്നു; ഇതിൽ എത്രമാത്രം നേടാനായി; ആ നിലയിലേക്കുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-'13 ൽ അർഹതപ്പെട്ട വിഹിതം കൈമാറിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പദ്ധതികൾ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക പ്രയാസം നേരിടുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കാലിത്തീറ്റയും ലഭ്യതക്കുറവും വിലവർദ്ധനവും</u>

*124 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, പി. കെ. ഗുരുദാസൻ
,, സാജു പോൾ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ ലഭ്യതകുറവും വിലവർദ്ധനയും മൂലം പാലുല്പാദനത്തിൽ ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ക്ഷീരസംഘങ്ങളിൽ മിൽമ കാലിത്തീറ്റ ലഭിക്കാതിരിക്കുന്നതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ അറിയിക്കുമോ;

(സി) ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഇപ്പോൾ ലഭ്യമായിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ഡി) സംസ്ഥാനത്തെ പാലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് ഈ ആനുകൂല്യങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>പ്രവാസി മലയാളികൾക്കായി ക്ഷേമപ്രവർത്തനങ്ങൾ</u>

*125 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെയും കുടുംബങ്ങളുടെയും ക്ഷേമത്തിനായി എന്തെല്ലാം പുതിയ ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ;

(ബി) പ്രവാസി മലയാളികൾക്ക് വ്യവസായ സംരംഭങ്ങൾ കൂടുതലായി തുടങ്ങുന്നതിന് പുതിയ സാമ്പത്തിക മേഖലകൾ (സെസ്സ്)പ്രഖ്യാപിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>മാലിന്യ പ്രശ്ന പരിഹാരത്തിന് നടപടി</u>

*126 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. റ്റി. എ. റഹീം
,, കെ. വി. വിജയദാസ്
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ വിവിധ നഗരങ്ങളിലെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പരിപാടികൾ ഓരോന്നിന്റേയും പ്രവർത്തനത്തെ സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിന് നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നറിയിക്കാമോ ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>കിസാന്‍ കാര്‍ഡുകള്‍</u>

*127 ശ്രീ. ആര്‍. സെല്‍വരാജ്
,, ഡൊമിനിക് പ്രസന്റേഷന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കിസാന്‍ കാര്‍ഡുകളുടെ വിതരണത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) കിസാന്‍ കാര്‍ഡുകള്‍ കൊണ്ടുള്ള പ്രയോജനങ്ങള്‍ എന്തെല്ലാം; വിശദാംശങ്ങള്‍ എന്തെല്ലാം?

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ കാര്‍ഡുകള്‍ വഴി കര്‍ഷകര്‍ക്ക് ലഭിക്കുന്നത്;

(ഡി) എന്തെല്ലാം വിവരങ്ങളാണ് കാര്‍ഡില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

## സ്ത്രീ ശാക്തീകരണം

*128 ശ്രീ. കെ.എൻ.എ. ഖാദർ
,, എം. ഉമ്മർ
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീ ശാക്തീകരണത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വനിതകൾക്ക്, വിവിധ തരത്തിലുള്ള ജെൻഡർ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആദ്യഘട്ടത്തിൽ ഇതിനായി ഏതെല്ലാം ജില്ലകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കാർഷിക വായ്പാ ജാമ്യ പ്രമാണങ്ങൾ തിരികെ നൽകാൻ നടപടി</u>

*129 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിച്ച് കടാശ്വാസം അനുവദിച്ചിട്ടുള്ള കർഷകർ ബാങ്കുകൾക്കുള്ള വിഹിതം കമ്മീഷൻ നിർദ്ദേശാനുസരണം അടച്ച് തീർത്തിട്ടും വസ്തുവിന്റെ ആധാരമുൾപ്പെടെയുള്ള ജാമ്യ പ്രമാണങ്ങൾ ബാങ്കുകൾ തിരികെ നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം പരാതി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>നഗരങ്ങൾ നേരിടുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് നടപടി</u>

*130 ശ്രീ. എ. പ്രദീപ്കുമാർ
,, എസ് ശർമ്മ
,, വി. ശിവൻകുട്ടി
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങൾ നേരിടുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ഏത് തരം മാലിന്യ സംസ്ക്കരണ രീതിയാണ് അഭികാമ്യം; കാരണം വ്യക്തമാക്കുമോ;

(ബി) മാലിന്യ സംസ്ക്കരണത്തിന് രൂപീകരിച്ചിട്ടുള്ള കമ്പനി ഏത് രീതിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നടപ്പിലാക്കിയ വിവിധ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ/രീതികൾ എന്നിവയുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) തുടർന്നുവരുന്ന രീതികളിൽ പോരായ്മകൾ ഉള്ളതായി തോന്നിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>പ്രവാസി മലയാളികൾ അനുഭവിക്കുന്ന തൊഴിൽ പ്രശ്നങ്ങൾ</u>

*131 ശ്രീ. ഇ.പി. ജയരാജൻ
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. സുരേഷ് കുറുപ്പ്
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾ ഗൾഫ്നാടുകളിൽ തൊഴിൽ രംഗത്ത് അനുഭവിക്കുന്ന പുതിയ പ്രശ്നങ്ങൾ കേന്ദ്ര പ്രവാസി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(ബി) റസിഡന്റ് പെർമിറ്റ്, എക്സ്പാട്രിയറ്റ് ഫീ, സ്വദേശീവല്ക്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് പ്രവാസികൾക്ക് ഇപ്പോൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ;

(സി) സംസ്ഥാനത്തു നടന്ന പ്രവാസി ഭാരതീയ ദിവസ്-ൽ ഈ വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായോ; എങ്കിൽ എന്ത് പരിഹാര നിർദ്ദേശങ്ങളാണിവിടെ ഉണ്ടായിട്ടുള്ളത് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

<u>പച്ചത്തേങ്ങ സംഭരണം</u>

*132 ശ്രീ. കെ. ശിവദാസൻ നായർ
'' ജോസഫ് വാഴക്കൻ
'' വി. പി. സജീന്ദ്രൻ
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇവ സംഭരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പച്ചത്തേങ്ങ സംഭരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി</u>

*133 ശ്രീ. എ. റ്റി. ജോർജ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര കാർഷിക ഇൻഷ്വറൻസ് നിലവിൽ വന്നിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇൻഷ്വറൻസ് പരിരക്ഷ ഏതെല്ലാം സാഹചര്യങ്ങളിലാണ് കർഷകർക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രകൃതിക്ഷോഭം മൂലമുള്ള കൃഷി നാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ വിഭാഗക്കാർ</u>

*134 ശ്രീ. കെ.എം. ഷാജി
,, കെ.എൻ.എ. ഖാദർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്നുള്ള ന്യൂനപക്ഷ വിഭാഗക്കാർക്ക് കേന്ദ്ര സർക്കാരിന്റെ സർക്കാർ/അർദ്ധ സർക്കാർ, സൈനിക വിഭാഗങ്ങളിൽ അർഹമായ പ്രാതിനിധ്യമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മത്സരപരീക്ഷകളിൽ പങ്കെടുക്കാൻ ന്യൂനപക്ഷ വിഭാഗക്കാരെ സജ്ജരാക്കുന്നതിന് പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**11.02.2013–ലെ മറുപടിക്ക്**

<u>കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി</u>

*135 ശ്രീ. ബി.ഡി. ദേവസ്സി
,, എം.എ. ബേബി
,, എം. ചന്ദ്രൻ
ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിയെ സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം നാണ്യവിളകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) നാണ്യവിളകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) വിലയിടിവ് നേരിടുന്ന നാണ്യവിളകൾ ഏതെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഇത്തരം നാണ്യവിളകളെ കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>വരൾച്ച മൂലമുള്ള കൃഷിനാശം</u>

*136 ശ്രീ. സി. ദിവാകരൻ
,, കെ. രാജു
ശ്രീമതി. ഇ. എസ്. ബിജിമോൾ
,, ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ചയെത്തുടർന്ന് മൊത്തം എത്ര രൂപയുടെ കൃഷി നാശം വന്നതായിട്ടാണ് കൃഷി വകുപ്പ് കണക്കാക്കിയിട്ടുള്ളത്; ഓരോ ജില്ലയിലും എത്ര വീതം; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഇനം കൃഷികൾക്കാണ് നാശം സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കൃഷി നാശത്തിന് നൽകാനുദ്ദേശിക്കുന്ന സഹായം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൃഷി നാശത്തിന് തുല്യമായ തുക കർഷകർക്ക് നൽകുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

## 'നീര' ഉത്പാദിപ്പിക്കുന്നതിനുള്ള ലൈസൻസ്

*137 ശ്രീ. കെ. അജിത്
,, വി.എസ്. സുനിൽ കുമാർ
,, വി. ശശി
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര വിലയിടിവുകൊണ്ട് നട്ടം തിരിയുന്ന കേര കർഷകരെ സഹായിക്കുന്നതിനായി നീര ഉൽപാദിപ്പിക്കുന്നതിന് ലൈസൻസ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ടാണ് ഇതിന് വേണ്ടിയുള്ള ചർച്ചകൾ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ലൈസൻസ് നൽകുന്നതിന് എക്സൈസ് വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ എക്സൈസ് വകുപ്പ് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയാമോ; ഈ വകുപ്പിൽനിന്നും ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ?

**കേരള നിയമസഭ**
**11.02.2013-ലെ മറുപടിക്ക്**

<u>വൃദ്ധജന പരിപാലനം</u>

*138 ശ്രീ. സി. മോയിൻകുട്ടി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ബി. അബ്ദുൾ റസാക്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ വൃദ്ധജനങ്ങളുടെ അനുപാതം വർദ്ധിച്ചു വരുന്നതുമൂലമുള്ള പ്രശ്നങ്ങൾ പരിഗണിച്ചിട്ടുണ്ടോ; അവ പരിഹരിക്കാനായി എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വൃദ്ധജനപരിപാലനവും ശുശ്രൂഷയും ഭാവിയിൽ കൂടുതലായി വേണ്ടിവരുമെന്നത് കണക്കിലെടുത്ത് അതനുസരിച്ചുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ;

(സി) വൃദ്ധജനപരിപാലനത്തിനുള്ള പരിശീലന സ്ഥാപനങ്ങളേതെങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിൽ ഇതിനായി ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കൊപ്രയുടെ താങ്ങുവില</u>

*139 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ഇ. പി. ജയരാജൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 സീസണിലേക്ക് കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരുമായി കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷൻ ചർച്ച നടത്തിയിരുന്നുവോ;

(ബി) എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ കമ്മീഷൻ മുമ്പാകെ വച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) കഴിഞ്ഞ വർഷം സംഭരണ നടപടികളിൽ ഉണ്ടായിട്ടുള്ള വീഴ്ചകളുടെ പശ്ചാത്തലത്തിൽ 2013 സീസണിലെ കൊപ്രാസംഭരണ നടപടികളിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾ വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി</u>

*140 ശ്രീ. ബാബു എം. പാലിശ്ശേരി
,, കോടിയേരി ബാലകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എന്തെല്ലാം ഭേദഗതികൾ; ഇതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ്;

(ബി) നിലവിലുള്ള ചട്ടങ്ങൾക്കെതിരെ പരാതികൾ ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പരാതികൾ എന്തായിരുന്നു;

(സി) ഭേദഗതിയുടെ ഭാഗമായി പിഴ ചുമത്തി അനധികൃത നിർമ്മാണത്തിന് സാധൂകരണം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നയത്തിനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**11.02.2013–ലെ മറുപടിക്ക്**

<u>നിർഭയ പദ്ധതി</u>

*141 ശ്രീ. കെ. മുരളീധരൻ
,, വി.ഡി. സതീശൻ
,, എം. എ. വാഹീദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർഭയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഇത് ഏതെല്ലാം വകിപ്പിന്റെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്;

(സി) നിരാലംബരായ പെൺകുട്ടികളെ പുനരധിവസിപ്പിക്കുവാൻ, എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കൽ</u>

*142 ശ്രീ. വി. ശിവൻകുട്ടി
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. റ്റി. വി. രാജേഷ്
,, എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുതാര്യവും ജനകീയവും ശാസ്ത്രീയവുമായ രീതിയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി നടന്നുവന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കൽ ഈ വർഷം അട്ടിമറിക്കപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് അവലോകനം ചെയ്യുകയുണ്ടായോ;

(ബി) മൊത്തം പദ്ധതി അടങ്കലിന്റെ എത്ര ശതമാനം ഇപ്പോഴും ചെലവഴിച്ചിട്ടില്ലെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതി രേഖ തയ്യാറാക്കാൻ കഴിയാതെ പോയതിന്റെ കാരണം എന്തായിരുന്നു;

(ഡി) സർക്കാർ അലോക്കേഷനു അനുസൃതമായിട്ടാണോ പദ്ധതികൾക്ക് രൂപം നൽകപ്പെട്ടത്; എങ്കിൽ അടങ്കലും, വൈകി ലഭിച്ച പദ്ധതികളുടെ ആകെ തുകയും വിശദമാക്കാമോ;

(ഇ) പദ്ധതി രേഖകളുടെ പരിശോധന ഏത് ഘട്ടത്തിലാണ് നടന്നതെന്ന് വിശദമാക്കാമോ; മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടു എന്നുറപ്പുണ്ടോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>കാര്‍ഷിക സേവന കേന്ദ്രങ്ങള്‍</u>

*143 ശ്രീ. വി.ഡി.സതീശന്‍
,, ജോസഫ് വാഴക്കന്‍
,, സി.പി.മുഹമ്മദ്
,, റ്റി.എന്‍.പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാര്‍ഷിക സേവന കേന്ദ്രങ്ങള്‍ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ കാര്‍ഷിക പ്രതിസന്ധിക്ക് പരിഹാരം കാണാന്‍ എന്തൊക്കെ സൗകര്യങ്ങളാണ് സേവന കേന്ദ്രങ്ങളില്‍ ഒരുക്കിയിട്ടുളളത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എവിടെയൊക്കെയാണ് ഇത്തരം കേന്ദ്രങ്ങള്‍ ആരംഭിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഈ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനങ്ങള്‍ ആരുടെ മേല്‍നോട്ടത്തിലാണ് നടക്കുന്നത്?

# കേരള നിയമസഭ
## 11.02.2013–ലെ മറുപടിക്ക്

കാർഷിക യന്ത്രവത്ക്കരണം

*144 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തിന് നീക്കി വച്ച തുക എത്രയാണ്;

(സി) പ്രസ്തുത തുകയിൽനിന്ന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>കാലിസമ്പത്തിൽ കുറവ്</u>

*145

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലിന്റെ ആവശ്യകത ഏറുമ്പോൾ സംസ്ഥാനത്തെ കാലിസമ്പത്തിൽ കുറവു വരുന്ന സ്ഥിതി വിശേഷം സൃഷ്ടിക്കുന്ന ഗുരുതരപ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; അവ വിലയിരുത്തിട്ടുണ്ടോ;

(സി) ഇവ കണക്കിലെടുത്ത് ആവശ്യമായ പുനരുദ്ധാരണ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.02.2013-ലെ മറുപടിക്ക്

<u>സമഗ്ര നാളികേര വികസനപദ്ധതി</u>

*146 ശ്രീ. പി.സി. ജോർജ്
,, എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര നാളികേര വികസന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(ബി) നാളികേര ഉൽപാദനം, മൂല്യവർധിത വിപണി എന്നിവ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) നാളികേരത്തിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

<u>വരൾച്ചമൂലം ഉണ്ടായിട്ടുള്ള കൃഷി നാശം</u>

*147 ശ്രീ. എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, രാജു എബ്രഹാം
,, കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ചമൂലം ഉണ്ടായിട്ടുള്ള കൃഷി നാശത്തെ സംബന്ധിച്ച് കൃഷി വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കൃഷി നാശം സംസ്ഥാനത്തിന്റെ കാർഷികോല്പാദനത്തെ എത്തരത്തിൽ ബാധിച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ഉല്പന്നത്തിന്റെ വിലയിടിവും വർദ്ധിച്ച കൃഷി ചെലവും കാരണം ദുരിതത്തിലായ കർഷകർക്ക് കൃഷിനാശം മൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം നികത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വരൾച്ച രൂക്ഷമായ പ്രദേശങ്ങളെ പ്രത്യേക ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിച്ചു കർഷക കടശ്വാസ കമ്മീഷന്റെ പ്രവർത്തന പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) വെള്ളം ലഭിക്കാത്തതുമൂലം കൃഷി ഇറക്കാൻ കഴിയാതെ പോയ സ്ഥലങ്ങളുടെയും ഇറക്കിയ കൃഷി കരിഞ്ഞുപോയ സ്ഥലങ്ങളുടെയും സംസ്ഥാനാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>കർഷക രജിസ്ട്രേഷൻ</u>

*148 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ വേണ്ടത്ര പ്രചാരണം നടത്താതെ കർഷക രജിസ്ട്രേഷൻ പൂർത്തിയായപ്പോൾ 10 ലക്ഷത്തോളം കർഷകർ ഇതിൽ ഉൾപ്പെടാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(ബി) കൃഷിവകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് എത്ര കർഷകരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അതിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) വിട്ടുപോയ കർഷകരെ അക്ഷയ വഴി അല്ലാതെ കൃഷി ഭവൻ വഴി ഇനിയും രജിസ്റ്റർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.02.2013–ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ</u>

*149 ഡോ: കെ. ടി. ജലീൽ
,, ടി. എം. തോമസ് ഐസക്
ശ്രീ. എ. പ്രദീപ്കുമാർ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിലെ വീഴ്ചകൾ പദ്ധതി നിർവ്വഹണത്തിലുണ്ടാകാതിരിക്കാനുള്ള കരുതൽ നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഈ സാഹചര്യത്തിൽ അടങ്കൽ തുകയുടെ ഭൂരിഭാഗവും മാർച്ചിന് മുമ്പായി നിർവഹിക്കാൻ സാദ്ധ്യമാകില്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പദ്ധതികളുടെ കാലാവധി നീട്ടിക്കൊടുത്ത്, ചിട്ടയായ മോണിറ്ററിംഗ് സംവിധാനത്തോടുകൂടി പദ്ധതി നിർവ്വഹിക്കപ്പെടാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിർവ്വഹണഘട്ടത്തിലെങ്കിലും പദ്ധതി രേഖ പരിശോധിപ്പിച്ച് അംഗീകരിപ്പിക്കാൻ നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 11.02.2013-ലെ മറുപടിക്ക്

വരൾച്ചമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി

*150 ശ്രീ. ആർ. രാജേഷ്
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. വി. ചെന്താമരാക്ഷൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കുറവും അണക്കെട്ടുകളിൽ വെള്ളമില്ലാത്തതും മൂലം നെല്ലുൽപ്പാദനത്തിൽ സംഭവിച്ചിട്ടുള്ള കുറവിനെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിവരങ്ങൾ നൽകുമോ ;

(ബി) നെല്ലുൽപാദന മേഖലയിലെ കർഷകർ വരൾച്ചയെ തുടർന്ന് നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കൃഷിനാശത്തിന് തുല്യമായ തുക നഷ്ടപരിഹാരമായി ലഭിക്കുന്നതിനുതകുന്ന തരത്തിൽ പ്രത്യേക ആശ്വാസ പാക്കേജ് പ്രഖ്യാപിക്കാൻ തയ്യാറാകുമോ ;

(ഡി) വെള്ളം ഉണ്ടായിരുന്ന ഘട്ടത്തിൽ കൃഷിക്കാർക്ക് സർക്കാർ സഹായങ്ങൾ ലഭിക്കാതിരുന്നതിനാൽ കൃഷി ഇറക്കാൻ കഴിയാതെ പോയ സാഹചര്യം ഉണ്ടായിരുന്നുവോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഫെബ്രുവരി 2.